(ഡി) 1. പുതുപള്ളിപ്പുറം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - നഷ്ടം കണക്കാക്കിയിട്ടില്ല.

2. അട്ടപ്പാടി ഫാർമേഴ്സ് ബാങ്ക് - നഷ്ടം കണക്കാക്കിവരുന്നു.

3. നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 36.10 ലക്ഷം.

4. ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 45.66 ലക്ഷം.

5. മുപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 55.65 ലക്ഷം.

സഹകരണ മേഖലയിൽ കൺസ്യൂമർ സ്റ്റോറുകൾ

152 [3042] ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ആഗോളവത്കരണാനന്തര കാലത്തെ വാണിജ്യ മാത്സര്യത്തിൽ പിടിച്ചു നില്ക്കാൻ ഉതകുന്ന വിധം സഹകരണ സ്ഥാപനങ്ങളെ പ്രാപ്തവത്ക്കരിക്കുവാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പുതിയ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുവാൻ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) വാണിജ്യമത്സരത്തിൽ പിടിച്ചു നിൽക്കുവാൻ ഉതകുന്ന വിധം സഹകരണ സ്റ്റോറുകളെ പ്രാപ്തവല്കരിക്കുന്നതിലേക്ക് സാമ്പത്തിക സഹായം നല്കി വരുന്നുണ്ട്.

നീതി സ്റ്റോറുകളുടെ പ്രവർത്തനം

153 [3043] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly